# ജി എച്ച് എസ് കുപ്പാടി

powered by :




# " ഈ വിധം മൗനങ്ങൾ പെയ്യുമ്പോൾ "

LK/2018/15082







പാതി വഴിയിൽ

ജീവിതത്തിന്റെ


മലർക്കുലകൾ തല്ലി

ക്കൊഴിച്ച് കടന്നു പോയ

ഞങ്ങളുടെ പ്രിയ കൂട്ടുകാരൻ

ഗോപകുമാറിന്

ആദരാഞ്ജലികൾ



ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

എന്ന്,

റീന പി

(പ്രധാനധ്യാപിക)

# എഡിറ്റോറിയൽ ബോർഡ്

## ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ-സഹകരിച്ചവർക്കും

## മാർഗ നിർദ്ദേശം നല്കിയവർക്കും നന്ദി...._

## സഹായിച്ചവർ

1) അനന്തു മോഹൻ
2) അനൈറ്റ എം ജോയി
3) മുഹമ്മദ് ഫസൽ
4) നീരജ സന്തോഷ്
5) അഭിമന്യു വി എ
6) അനഘ സുരേഷ്
7) അഭിൻ എം എം
8) വിമൽനാഥ് പി വി
9) പ്രജീഷ പി പി
10) ഗീതു എം വി

# താളുകൾ മറിക്കുമ്പോൾ


1.കുപ്പാടി സ്കൂളിന്റെ ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞു നോട്ടം — ഗുരുപുഷ്പം എ പി

2. പഞ്ചതന്ത്ര മുത്തശ്ശിമരം — അനൈറ്റ എം ജോയി

3.ഈ സ്വത്ത് കുപ്പാടിക്ക് സ്വന്തം — നീരജ സന്തോഷ്

4.നിർമ്മാണത്തിന്റെ ആദ്യാക്ഷരങ്ങൾ — ചിത്രം

5.എന്റെ വിദ്യാലയം — പ്രജീഷ പി പി

6.മഴച്ചൂടിൽ കുപ്പാടി പള്ളിക്കൂടം — ചിത്രം

7.കണക്കിലെ കളികൾ — സുജിന

8.കണ്ണികൾക്കൂട്ടി ചങ്ങല കോർക്കുന്നു... — ചിത്രം

9.അപ്രത്യക്ഷമാകുന്ന ഭാഷകൾ — നഫീസ മിസിയ

10.ചീനം – തിങ്കവന്ത് കുന്നുകൾ — ചിത്രം

11.കുപ്പാടി — അഭിൻ എം എം

12.പുൽച്ചാടി കലാജാഥ — ചിത്രം

13.ഭാഷ പട്ടിക — ശ്രുതി വി കെ

| | |
|---|---|
| 14.ഒന്നിലെ ചിത്രഗോപുരം | ചിത്രം |
| 15.TICKLE YOUR BRAIN | ANANDHU MOHAN |
| 16.തായ്ക്വാണ്ടോ കളരി | ചിത്രം |
| 17.അവരുടെ വാക്കുകൾ | ജീസൺ ദേവസ്യ |
| 18.ക്ലബ്ബുകൾ | ചിത്രം |
| 19.ദുരന്തപ്പെയ്ത്ത് | ഷിജിത ചന്ദ്രൻ |
| 20.പുൽച്ചാടിക്കൂട്ടം | ചിത്രം |
| 21. ഒരു പക്ഷിയുടെ പതനം | ഷെർമില ഷെറിൻ |
| 22.ഒപ്പമതിൽ | ചിത്രം |
| 23.കേരളത്തിലെ ഭാഷകൾ | ദിവ്യ കെ എസ് |
| 24.എന്റെ യാത്ര ലോകം | ഗീതു എം വി |
| 25.പൂമ്പാറ്റയും കുട്ടിയും | കൃഷ്ണേന്ദു ആർ |
| 26.ധനുമാസം | മുഹമ്മദ് ഫസൽ |
| 27.വായന കുറിപ്പ് | ചന്ദ്രലേഖ പി ജെ |
| 28.കേരളത്തെ വിഴുങ്ങിയ പ്രളയം നീയോ | ഷെറിൻ ബിജു |

| | |
|---|---|
| 29.ഏഴായിരം ഭാഷകൾ | വിനീഷ് ജി |
| 30.സ്ക്കൂളിനൊരു പുതിയ മുഖം | അജിൽ ചാക്കോ |
| 31.ഗണിതപൂക്കളങ്ങൾ | ചിത്രം |
| 32. ഇന്ത്യൻ ഭാഷകൾ | അനഘ സുരേഷ് |
| 33. ക്വിസ്സ് | ആൽബിൻ പി എസ് |
| 34. ജി എച്ച് എസ് കുപ്പാടിയുടെ സസ്യ ലോകം | മുഹമ്മദ് ഫസൽ |
| 35. വിനോദയാത്ര | ചിത്രം |
| 36. ഒന്നുകൾ ഓടി വരുന്നു | ദീപ്ത പാർവണ |
| 37. നീന്തി തളർന്ന രാവുകൾ | ഷഹന പർവീൺ |
| 38. അമ്മേ വിശക്കുന്നു | ദേവിക പി എസ് |
| 39. കേരളത്തെ നടുക്കിയ ദുരന്തം | ജിത ജോർജ്ജ് |
| 40. The lock | റിൻസി കെ ആർ |
| 41. Count your brain | അഭിമന്യു വി എ |
| 42. പക്ഷികളുടെ സ്വർഗം | അലൻ ഷിജു |

അഗ്നിക്കിരയായി

43. ഒരു കോഴിക്കോടൻ യാത്ര — വൈഗ ജെ ആർ

44. സയൻസ് കറണ്ട് അഫേഴ്സ് — നീരജ സന്തോഷ്

45. അല്ലുവിന്റെ ചിന്തുകൾ — അനൈറ്റ എം ജോയി

46. കേരളം വർണ്ണന — ഫാത്തിമ അഫ്ലഹ

47. പാഠം — മാളവിക സന്തോഷ്

48. വൈക്കം മുഹമ്മദ് ബഷീർ — വിമൽനാഥ് പി വി

49. പത്തായം പറയുന്നു — ആയിഷ സേബ

50. നവകേരളം — വൈഗ ജെ ആർ

51. ഡയറി — നേഹ ബാബു

52. കേരളത്തെ വിഴുങ്ങി നീയോ — മളവിക അനിൽ

53. അറിവിന്റെ ചെറുതുള്ളികൾ — എൽദോസ് കെ എസ്

54. അമ്മക്കൊരുമ്മ — നാജിയ കെ

# ആമുഖം

1933 -ൽ പ്രവർത്തനം തുടങ്ങിയ വിദ്യാലയമാണ് കുപ്പാടി ഗവ ഹൈസ്കൂൾ .കുടിപ്പള്ളിക്കൂടത്തിൽ തുടങ്ങി 2011– ൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു.കുപ്പാടി പ്രദേശത്തിന്റെ സാംസ്കാരിക പുരോഗതിയുടെ അടിസ്ഥാന ശിലകൾ പാകാൻ ഈ വിദ്യാലയത്തിനു കഴിയുന്നു.

ദീർഘ വീക്ഷണമുള്ള സാമൂഹ്യ പ്രവർത്തകരുടേയും പൂർവ്വകാല അദ്ധ്യാപകരുടെയും നിരന്തര പരിശ്രമങ്ങളാണ് സ്കൂളിന്റെ സ്വീകാര്യത വർദ്ധിപ്പിച്ചത്.ഹരിതാഭമായ സ്കൂൾ ക്യാമ്പസ് സവിശേഷമായ അന്തരീക്ഷം ഒരുക്കുന്നുണ്ട്.ആദർശാത്മകമായ വിദ്യാർത്ഥി ജീവിതത്തിന്റെ പ്രകാശമാനമായ തിരിച്ചറിവുകളാണ് കുപ്പാടി സ്കൂളിനെ വ്യത്യസ്തമാക്കുന്നത്.

സാമൂഹിക ചലനങ്ങൾ,പരിസ്ഥിതി,കലകൾ,ഗോത്രസാംസ്കാരികത തുടങ്ങിയ മേഖലകളിലെല്ലാം അറിവിന്റെ തുറന്ന സമീപനങ്ങൾ കുപ്പാടി സ്കൂളിനുണ്ട്.കുപ്പാടി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്ത്വത്തിൽ പ്രസിദ്ധീകരിക്കുന്ന ഈ ഡിജിറ്റൽ മാഗസിനിലേക്ക് നിങ്ങൾക്കേവർക്കും സ്വാഗതം...

# കപ്പാടി സ്കൂളിന്റെ ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം


സുൽത്താൻ ബത്തേരി താലൂക്കിലെ ഒരു കൊച്ചു ഗ്രാമമാണ് കപ്പാടി. കപ്പാടിയിലെ കൊച്ചു കുരുന്നുകൾക്ക് പഠിക്കാൻ 1933- ൽ ഒരു കുടിപ്പള്ളിക്കൂടം തുടങ്ങി. 2018-2019 വർഷത്തിൽ ഹൈടക്കായി മാറുകയും ചെയ്തു. ഈ വിദ്യാലയത്തിലെ ആദ്യ വിദ്യാർത്ഥിയാണ് ബാലകൃഷ്ണൻ മാഷ്. ഒലക്കുടിലിൽ തുടങ്ങി ആധുനിക കെട്ടിടങ്ങൾ വരെ വളർന്ന് പൊങ്ങിയ ഈ കപ്പാടി വിദ്യാലയം എന്നും നാട്ടുകാർക്ക് സുപരിചിതമാണ്. തണലുകളുടെ വ്യാവസായം വെട്ടിനികത്തി കെട്ടിടങ്ങൾ വളർന്നെങ്കിലും തണലുകൾ മേയാൻ കുട്ടിക്കൂട്ടുകാരും അദ്ധ്യാപകരും ഇന്നും തുണയാകുന്നു. 15 അദ്ധ്യാപകരിൽ താഴെ തുടങ്ങിയ ഈ വിദ്യാലയത്തിൽ ഇന്ന് 35 ൽ അധികം അദ്ധ്യാപകർ ഉണ്ട്. ജീവിതത്തിന്റെ മേൽപ്പട്ടമായ വിദ്യാലയ ജീവിതം എന്നും കപ്പാടി സ്ക്കൂളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാകട്ടെ.................




ഗുരുപുഷ്പം എ.പി 9 C

# പഞ്ചതന്ത്ര മുത്തശ്ശിമരം

വിദ്യാലങ്ങളുടെ തണുപ്പാണ് മരങ്ങൾ. ചില വിദ്യാലയങ്ങൾ ചില മരങ്ങളുടെ പേരിലുമാണ് അറിയപ്പെടുന്നത്.അങ്ങനെ ഒരു മരമാണ് സുൽത്താൻ ബത്തേരിയിലെ ജി എച്ച് എസ് കുപ്പാടിയിലെ ഒരു മുത്തശ്ശിമരം പ്രായം കൊണ്ടും വലുപ്പം കൊണ്ടും മാത്രമല്ല പ്രത്യേകതകളുടെ വൃക്ഷമാണ് ഇത്.ഓടി ചാടി നടക്കുന്ന എൽ പി കുട്ടികൾ മുതൽ എച്ച് എസ് വിദ്യാർത്ഥികൾ വരെ തണലും സുഖവും തേടുന്ന മരം.ഒരു മരമല്ല അഞ്ചു മരങ്ങൾ ചേർന്ന ഒറ്റ ഹൃദയമുള്ള ഒരു തടി അതാണ് മുത്തശ്ശിമരം അത്തി,ഇത്തി,പേരാൽ,അരയാൽ, പശമരം എന്നിങ്ങനെ അഞ്ചുമരങ്ങൾഒരു തടിയിൽ വ്യത്യസ്തമാർന്ന ഈ വൃക്ഷം ഒരു നാളിൽ മാധ്യമങ്ങളിൽ തിളങ്ങിയിരുന്നു.ഒരു പക്ഷേ കുപ്പാടി സ്ക്കൂളിന്റെ പ്രായമളക്കാൻ ആ വൃക്ഷം ഒരു ഉദാഹരണം കൂടിയാണ് , അത്രയ്ക്ക് പഴക്കമുണ്ട് ആ വൃക്ഷത്തിന് സ്ക്കൂളിനോട്.സ്ക്കൂളിലെ കുട്ടികൾക്ക് കാട്ടു അത്തിയിൽ




പഴങ്ങൾ നിറഞ്ഞാൽ ഒരു ഉത്സവം തന്നെയാണ്.നെല്ലിക്കയുടെ മാധുര്യം ഉള്ള അത്തി വളരെ പ്രിയവുമാണ്.മനസ്സിൽ സുഖം നിറയ്ക്കുന്ന ആലിന്റെ തണലുള്ള , നെല്ലിക്കയുടെ മാധുര്യമുള്ള ,പശയുടെ നിറമുള്ള ,പൂക്കളുടെ നറുമണമുള്ള ഈ വൃക്ഷം കുപ്പാടി സ്ക്കൂളിന് എന്നും തണലായിരിക്കട്ടെ .................

അനൈറ്റ എം ജോയി 9 B

## ഈ സ്വത്ത് കുപ്പാടിക്ക് സ്വന്തം...

ചരിത്ര പ്രാധാന്യമുള്ള കുപ്പാടി സ്ക്കൂളിന്റെ ചരിത്രം കേൾക്കാനെന്നോളം കുപ്പാടിക്കാർ വിശ്വസിക്കുന്ന ദുർഗ്ഗദേവി....ബത്തേരി എന്ന മഹാനഗരത്തിൽ നിന്ന് ഉള്ളോട്ടുള്ള ഈ അമ്പലത്തിൽ പ്രാർത്ഥിക്കാത്തവരായി കുപ്പാടി പ്രദേശത്താരും തന്നെ ഉണ്ടാകാൻ സാദ്ധ്യത ഇല്ല."ആലായാൽ തറ വേണം..അടുത്തൊരമ്പലം വേണം...." എന്ന പാട്ടിൽ പറയുന്നത് പോലെ തന്നെ കാണുന്നവരുടെ മനം കുളിർക്കുന്ന ഒരു ആൽ ഈ അമ്പലത്തിലുമുണ്ട്.



കുപ്പാടി എന്ന സ്ഥലത്ത് പ്രാധാന്യം കിട്ടി തുടങ്ങിയത് ഈ അമ്പലത്തിലൂടെയും സ്ക്കൂളിലൂടെയും ആണെന്ന് പറയാം.ഫെബ്രുവരി മാസത്തിലാണ് ഉത്സവങ്ങൾ ആരംഭിക്കുക.പൂരങ്ങളുടെ നാടായ തൃശ്ശൂർ പോലെ ഇവിടെയും പള്ളിപ്പെരുന്നാളും ഉത്സവുമെല്ലാം ആഘോഷമാണ്...

ഒരു പൊതുവിദ്യാലയമാണ് കുപ്പാടി ഗവൺമെന്റ് ഹൈസ്ക്കൂൾ.എല്ലാ ജാതിയിലും എല്ലാ മതത്തിലും

വിശ്വസിക്കുന്ന കുട്ടികൾ പഠിക്കുന്ന വിദ്യാലയം.ഉത്സവമായാൽ ജാതിയില്ലാ മതമില്ലാ.......അമ്പലത്തിൽ കറങ്ങിനടക്കാനും വളയും മാലയും വാങ്ങാനും ബലൂണും കളിപ്പാട്ടവും പൊരിയും അങ്ങനെയുള്ള സാധനങ്ങൾ വാങ്ങാനും ഉള്ള വളരെ സ്വാതന്ത്ര്യമുള്ള ദിനങ്ങൾ...!

വടക്കും നാഥക്ഷേത്രത്തിലെയും പത്മനാഭസ്വാമിക്ഷേത്രത്തിലെയും ഉത്സവങ്ങൾ പോലെ അതിസുന്ദരമാണ് കപ്പാടി അമ്പലത്തിലെ ഉത്സവം.വർണ്ണാഭമായ വെടിക്കെട്ടോടുകൂടി ഉത്സവം അവസാനിച്ചെന്നു കരുതിയെങ്കിൽ തെറ്റി.കാതടപ്പിക്കുന്ന ശബ്ദത്തോടെയുള്ള ,ആകാശത്ത് വർണചിത്രങ്ങൾ തീർക്കുന്ന ഭംഗിയുള്ള വെടിക്കെട്ടിനു ശേഷവും സ്കൂളിൽ കൂട്ടുകെട്ട് തുടരും....അമ്പലത്തിലെ ഉത്സവത്തിന്റെ കാര്യവും മുത്തശ്ശിമരവും എല്ലാം ആ വർത്താനത്തിനിടയിൽ കയറും.അപ്പോഴും ആലിലയാകുന്ന പച്ചപ്പട്ടുടുത്ത് പാലപ്പൂവിന്റെ ഗന്ധം ചൊരിഞ്ഞ് അനുഗ്രഹങ്ങൾ ഏകി കപ്പാടിയുടെ സ്വത്തായി കപ്പാടി അമ്പലം ജനഹൃദയത്തിൽ നിലകൊള്ളുന്നു.


നീരജ സന്തോഷ് 9 B



നിർമ്മാണത്തിന്റെ ആദ്യാക്ഷരങ്ങൾ

# എന്റെ വിദ്യാലയം

ഞാൻ ആദ്യമായി ഗവ:ഹൈസ്ക്കൂൾ കപ്പാടിയിൽ പഠിക്കാൻ വന്ന അനുഭവം,ആ ദിവസം എനിക്ക് മറക്കാൻ കഴിയാത്തൊരു ദിനമായിരുന്നു. അഞ്ചാം ക്ലാസിൽ എനിക്ക് ആരെയും പരിചയമുണ്ടായിരുന്നില്ല. എന്നാലും എനിക്ക് കൂട്ടുകാരെ കിട്ടി. എന്നോട് സ്നേഹം പകർന്ന് തരാനും എന്നോട് കളിക്കാനും എനിക്ക് പറ്റിയ കൂട്ടുകാരെ എനിക്ക് കിട്ടി. അങ്ങനെ ഇപ്പോഴും ഒൻപതാം ക്ലാസ്സ് കഴിയാനായിട്ടും ഞങ്ങൾ ഇതുവരെ പിരിഞ്ഞിരുന്നില്ല. എനിക്ക് വളരെ അധികം സന്തോഷമുണ്ട് ഈ സക്കൂളിൽ വന്ന് പഠിക്കുവാനും,ഇവിടെ ഉള്ള കുട്ടികളെ പരിചയപ്പെട്ടതിലും. ഈ വിദ്യാലയം വളരെ മനോഹരമാണ്. മനോഹാരിതയിൽ എന്നും നിറഞ്ഞതാകട്ടെ ഈ വിദ്യാലയം.......



പ്രജീഷ പി പി 9 B



ഗവ:ഹൈസ്കൂൾ



# കണക്കിലെ കളികൾ

1.ഒരു അച്ഛന്റേയും മകന്റേയും ഇപ്പോഴത്തെ വയസ്സുകളുടെ തുക 48.പത്തു വർഷം മുമ്പുള്ള അവരുടെ വയസ്സുകളുടെ തുകയെത്ര ?

2.



മുകളിലത്തെ ചിത്രം ഒരു സമഷഡ്ഭുജമാണ്. ചിത്രത്തിൽ എത്ര ചതുരങ്ങളുണ്ടെന്ന് കണ്ടുപിടിക്കുക ?

3.തുടർച്ചയായി നമ്പറിട്ടിട്ടുള്ള 5 രൂപാ നോട്ടിന്റെ ഒരു കെട്ടിൽ അദ്യത്തെ നമ്പർ 3300 ആണ്. അവസാനത്തെ നമ്പർ 3400. ആ കെട്ടിൽ ആകെ എത്ര രൂപയുണ്ട് ?


4.0 മുതൽ 99 വരെയുള്ള സംഖ്യകൾ കണക്കിലെടുത്താൽ ഏറ്റവും കുറച്ചു തവണ ആവർത്തിക്കുന്ന അക്കമേത് ?

5.കരിശാകൃതിയിലുള്ള ഒരു രൂപമാണ് ചിത്രത്തിൽ. രണ്ട്


രേഖാഖണ്ഡങ്ങൾ വരച്ച് ഇതിനെ തുല്യമായ 4 ഭാഗങ്ങളാക്കുക?

## ഉത്തരം

1. 28
2. 3
3. 505 രൂപ
4. പൂജ്യം
(ഇവിടെ 0
എന്ന സംഖ്യ
10 പ്രാവശ്യം
മാത്രമേ ഉപയോഗിക്കുന്നുള്ളു)



5 .




സുജിന 7 B



കണ്ണികൾ കൂട്ടി ചങ്ങലകൾ കോർക്കുന്നു കുപ്പാടിക്കു മുന്നിൽ

# അപ്രത്യക്ഷമാകുന്ന ഭാഷകൾ




ഏഴായിരത്തിലധികം ഭാഷകൾ ഈ ലോകത്തുണ്ടെങ്കിലും അവയിൽ ചിലതെല്ലാം ചിട്ടയായി രേഖപ്പെടുത്തപ്പെട്ടവയല്ല.പലതും ഉൾനാടൻ പ്രദേശങ്ങളും മറ്റുമുള്ള ഗോത്രവർഗക്കാരും ആദിവാസികളുമെല്ലാം ഉപയോഗിച്ചു വരുന്ന ഭാഷകളാണ്. അവയിൽ മിക്കതിനും ലിപിയില്ല.ആവ മാറ്റിനിർത്തിയാൽ 6809 ഭാഷകളാണ് ജൈവപരമായി നിലനിൽക്കുന്നതെന്ന് കണ്ടെത്തിയിരിക്കുന്നു. ഇവയിൽ 90 ശതമാനവും ലക്ഷത്തിൽ താഴെ ജനങ്ങൾ സംസാരിക്കുന്നവയാണ്. കണക്കുകളിൽ ഉൾപ്പെട്ടിട്ടുള്ള 6100 ഒളം ഭാഷകൾ അതിജീവന ഭിഷണി നേരിട്ടുകോണ്ടിരിക്കുകയാണ്. കുറെ സ്വദേശിഭാഷകൾ അപ്രത്യക്ഷമാകുകയും ചെയ്തിട്ടുണ്ട്. സംസാരിച്ചു കൊണ്ടിരിക്കുന്ന അവസാനത്തെ ആളും മരിച്ചതോടെ ആ ഭാഷയും മരിക്കുന്നു......................

നഫീസ മിസിയ 9C



ചീനം എന്ന പേരിൽ തിങ്കവന്തിന്റെ കുരുന്നകൾ കലയുടെ
നിലാവിൽ
രംഗപ്രഭാവം ചെയ്യുന്നു

# കപ്പാടി



കപ്പാടി ഒരു ദേശമല്ല
കപ്പാടി ഒരു വീടുമല്ല
കഥകൾ തീർന്നോരിടവുമല്ല...

നിത്യവും ചിന്തകളിൽ
നിറയുന്ന സംസ്കാരമാണതിങ്ങ്
കപ്പാടി...

ഇവിടെ പെയ്യുന്ന മഴയിലാണെനിക്ക്
ഋതുസംക്രമണം
ഇവിടെ കാണും ആകാശത്തിലാണ്
എനിക്കെന്നും സൗര്യോദയം...

എന്റെ നീരോഴുക്കും
പ്രാണവായു സഞ്ചാരവും
ഇവിടെയോരിലയനക്കത്തിൽ
തളിരിടുന്നു....
ഇവിടെ
ഒരു പക്ഷിചിറകിലെന്റെ
വ്യാമോഹങ്ങൾ നീല നിശ്ശബ്ദതയിൽ
അലിഞ്ഞ്  അലിഞ്ഞ്ഇല്ലാതാവുന്നു................

കെ കെ



പുൽച്ചാടിക്കൂട്ടം ബോധവൽക്കരണ കലാജാഥയുമായി നാട്ടിൻ പുറങ്ങളിൽ

## ലോകജനസംഖ്യയുടെ ഒരു ശതമാനത്തിൽ കൂടുതൽ പേർ സംസാരിക്കുന്ന ഭാഷ റാങ്ക് അടിസ്ഥാനത്തിലുള്ള പട്ടിക

| ക്രമ നമ്പർ | ഭാഷ | സംസാരിക്കുന്നവർ എണ്ണം-മില്യൺ | ശതമാനം |
|---|---|---|---|
| 1 | മാൻഡാരിൽ(ചൈനീസ് ഭാഷയിൽ ഉൾപ്പെട്ടത്) | 955 | 14.1% |
| 2 | സ്പാനിഷ് | 405 | 5.85% |
| 3 | ഇംഗ്ലീഷ് | 360 | 5.52% |
| 4 | ഹിന്ദി | 310 | 4.46% |
| 5 | അറബിക് | 295 | 4.23% |
| 6 | പോർച്ചുഗീസ് | 215 | 3.08% |
| 7 | ബംഗാളി | 205 | 3.05% |
| 8 | റഷ്യൻ | 155 | 2.42% |
| 9 | ജപ്പാനീസ് | 125 | 1.92% |

| | | | |
|---|---|---|---|
| 10 | പഞ്ചാബി | 100 | 1.44% |
| 11 | ജർമൻ | 95 | 1.39% |
| 12 | ജാവനീസ് | 82 | 1.25% |
| 13 | വൂ | 80 | 1.20% |
| 14 | മലയ | 77 | 1.16% |
| 15 | തെലുങ്ക് | 76 | 1.15% |
| 16 | വിയറ്റ്നാമിസ് | 76 | 1.14% |

| | | | |
|---|---|---|---|
| ............. . | ...................................................... | ......................................... | ......................................... |
| 34 | മലയാളം | 36 | 0.5% |

ശ്രുതി വി കെ 9 C



ഒന്നാം തരക്കാർ ചിത്രഗോപുരം പണിതുയർക്കുകയാണ്

# TICKLE YOUR BRAIN



1. What goes up when rain comes down?
A: Umbrella
2. Why does a hen lay eggs?
A: Because if she drops them they would break

3.Who always sleeps with his shoes on?
A: A horse

4:Which nation always wins in the end?
A:Determination

5.What bird can lift the heaviest weight?
A:A crane

6.Even after you take the whole,still have some left over. what is it?
A:The word “Wholesome”

7.Something that belongs to you is often used by others. What is it?
A:Your name

8.Who can raise things without even lifting them?
A:A farmer

9:Something that keep on coming but never presents itself?
A:Tomorrow

10:For which question will you never get an answer yes?
A:Are you sleeping?

By.... Anandhu Mohan



സ്വയം സുരക്ഷക്കായി തായ്ക്കോണ്ട കളരി കുപ്പാടി വിദ്യാലയത്തിൽ

## അവരുടെ വാക്കുകൾ

- പ്രവർത്തിക്കാൻ എളുപ്പമാണ്, ചിന്തിക്കാൻ പ്രയാസമുണ്ട്, നമ്മുടെ ചിന്തകൾക്കനുസൃതമായി പ്രവർത്തിക്കാനാണ് വളരെയേറെ ബുദ്ധിമുട്ടുള്ളത്...

  -മഹാത്മാ ഗാന്ധി

- അവസരങ്ങൾ ഒന്നിലധികം തവണ നിങ്ങളുടെ വാതിലിൽ വന്ന് മുട്ടുമെന്ന് വിചാരിക്കരുത്...

  -കംഫർട്ട്

- ജീവിച്ചിരിക്കുന്നവരും മരിച്ചവരും തമ്മിലുള്ള വ്യത്യാസം തന്നെയാണ് വിദ്യാദ്യാസം ഉള്ളവരും അതില്ലാത്തവരും തമ്മിലുള്ളത്...

  -അരിസ്റ്റോട്ടിൽ

- ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സിന്റെ സൃഷ്ടിയാണ് വിദ്യാദ്യാസം

  -അരിസ്റ്റോട്ടിൽ

- മതം ഇല്ലാത്ത ശാസ്ത്രം മുടന്തനും ശാസ്ത്രമില്ലാത്ത മതം അന്ധനുമാണ്..


- -ആൽബർട്ട് ഐൻസ്റ്റീൻ

ജീസൺ ദേവസ്യ 8 B




വിവിധ ക്ലബ്ബുകൾ പ്രവർത്തിപദത്തിൽ

# ദുരന്തപ്പെയ്ത്ത്



മാസങ്ങളായി മഴ കിട്ടാതെ
അലഞ്ഞു നമ്മുടെ കേരള ജനത
പെട്ടെന്നൊരു ദിനം കടന്നുവന്നു
തുള്ളിക്കൊരു കുടമെന്ന മട്ടിൽ
പെയ്യുന്നിത വർഷതുള്ളി
കേരള ജനത ആർപ്പു വിളിച്ചു...

പെയ്തുപെയ്തങ്ങനെ ജലതുള്ളികൾ
പെരുവെള്ളപ്പാച്ചിലായ് മാറിയപ്പോൾ
അന്നു ആർപ്പുവിളിച്ച ജനങ്ങളിപ്പോൾ
നെടുവീർപ്പിട്ടു കരഞ്ഞിടുന്നു
ദുരന്തപെയ്ത്തിപ്പോളേറയായി
ദുരിദാശ്വാസ ക്യാമ്പുകളുമേറയായി..

ചെറിയോനും വലിയോനുമൊത്തുകൂടി
ക്യാമ്പിൽ കഴിഞ്ഞിടും സുദിനമിതാ
സന്തോഷനാളുകൾ വന്നെന്നുകരുതി
സന്തോഷിച്ചൊരു കൂട്ടമിപ്പോൾ
കരഞ്ഞുകരഞ്ഞു കണ്ണീരും തീർത്ത്

ജീവനില്ലാ ദേഹം പോലെയായി..

മരണവും ജനനവുമൊന്നിച്ചു വന്നു
മനുഷ്യർ കഴിഞ്ഞിടും നാളുകളിതാ
ദുരന്തപ്പെയ്ത്തിന്റെ നാളുകളിതാ....

ഷിജിത .ചന്ദ്രൻ 7 C

# പ്ലാസ്റ്റിക്ക് നികത്തി തുണി ഉൽപ്പന്നങ്ങൾ വീട്ടിലെത്തിച്ചും സൈക്കിൾ റാലികൾ നടത്തിയും പുൽച്ചാടികൾ









## ഒരു പക്ഷിയുടെ പതനം

ഒരു കാട്,കടുവയും പുലിയും ആനയുമൊക്കെ അവിടുത്തെ അന്തേവാസികളാണ്. ആ കാട്ടിൽ തന്നെയായിരുന്നു അമ്മുക്കിളിയുടേയും താമസം. അവൾ മുതിർന്നവരുടെ വാക്ക് കേൾക്കാറില്ല. എന്ത് പറഞ്ഞാലും അതിനെ മറിച്ചേ അവൾ പ്രവർത്തിക്കൂ.



ഒരുദിവസം അവളുടെ മുത്തശ്ശി പറഞ്ഞു:മോളെ ആകശത്തുപറക്കുന്നതെല്ലാം കോളളാം,പക്ഷെ ഒരു പരിതിവരെ പറക്കാൻ പാടുകയുളളൂ."ഉം" എന്നൊരു മൂളലും മൂളിക്കൊണ്ട് പറന്നുയർന്നു.അമ്മുക്കിളിയല്ലേ ആള്, അവൾ എന്തും മറിച്ച് മാത്രമല്ലെ പ്രവർത്തിക്കൂ..അവൾ ആദ്യം ഒരു കാക്കച്ചിയെ കണ്ടു.ഒരു കറുമ്പികാക്ക.അമ്മു ആദ്യം കാക്കച്ചിയുടെ മുകളിലൂടെ പറക്കാൻ തുടങ്ങി. ഇതു കണ്ട കാക്കച്ചി അവളെ തടയാൻ ശ്രമിച്ചു. അമ്മുക്കിളി അതുകേൾക്കാത്ത പോലെ ഭാവിച്ച് പറക്കാൻ തുടങ്ങി. കുറച്ച് മുകളിൽ എത്തിയപ്പോൾ ഒരുപാട് പരുന്തുകൾ വളരെ വേഗത്തിൽ പറന്നു. അമ്മുക്കിളിയെ അവർ കണ്ടതുപോലുമില്ല. “അയ്യോ" എന്നൊരു ശബ്ദം മാത്രമേ അവർ കേട്ടതുളളൂ..അമ്മു പ്ധോം എന്ന ശബ്ദത്തിൽ താഴേക്ക് വീണു.ശബ്ദം നിലയ്ക്കുന്നതിന് ഒരു നിമിഷം മുമ്പ് അവൾ മുത്തശ്ശിയെ ഓർത്തു. അമ്മയില്ലാത്ത വേദന പോലും അറിയിക്കാതെ വളർത്തിയ മുത്തശ്ശിയെ.... ഷെർമില ഷെറിൻ ൯ C



ശിശുദിനം ഒപ്പുമതിലിനൊപ്പം അധ്യാപകരും കൂട്ടുകാരും

# കേരളത്തിലെ ഭാഷകൾ

കേരളത്തിൽ ത്രിഭാഷ പദ്ധതി നിലനിൽക്കുന്നതിനാൽ പ്രൈമറി വിദ്യാർത്ഥികൾ മൂന്ന് ഭാഷകൾ പഠിച്ചുവരുന്നുണ്ട്. മാതൃഭാഷയായ മലയാളത്തിന് പുറമെ ഹിന്ദിയും ഇംഗ്ലീഷും നിർബന്ധമായും കുട്ടികൾ പഠിക്കുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ താൽപര്യമനുസരിച്ച് അറബിക്, സംസ്കൃതം, ഉറുദു, തമിഴ്, കന്നഡ തുടങ്ങിയവയും പഠിക്കാനുള്ള അവസരം ലഭിക്കുന്നുണ്ട്. സർവകലാശാല തലത്തിൽ പ്രധാനപ്പെട്ട വിദേശഭാഷകൾ പഠിക്കാനും കഴിയുന്നുണ്ട്. ഇവിടെ നിരവധി ആദിവാസി സമൂഹങ്ങളിൽ വ്യത്യസ്ത ഭാഷകളായാണ് സംസാരിക്കുന്നത്. മലമ്പണ്ടാരം, മലയരൻ, മലവേടാൻ, മന്നാൻ, പാലിയൻ, പണിയരവുല, ഇറവള്ളൻ, ഇരുളൻ, കണിക്കാരൻ, യുതുവാൻ, യുദുക, പതിയ എന്നിവ കൂടാതെ ബെറ്റകുറമ്പയെരുകല, കൊടവ, ജ്ഞേനുകുറുമ്പ, കല്ലുകുറുമ്പ, ഊരാളി, വയനാട് ചെട്ടി, കൊറഗ, ബെല്ലാരി, കുടിയ, മലസർ, തച്ചൻഡൻ, ഉള്ളാട്ടൻ, കലനാടി, കുംഭാരൻ, കൻഡുവാടി തുടങ്ങിയ പാരമ്പര്യ നാട്ടുഭാഷാവഴക്കങ്ങളും കാണപ്പെടുന്നുണ്ട്. കേരളത്തിന്റെ നറുമണ്ണിൽ നിന്ന് ഇത്തരം ഭാഷകൾ മായാതിരിക്കട്ടെ........................

ദിവ്യ കെ എസ്  9 C


# എന്റെ യാത്ര ലോകം




ഞാൻ ആദ്യമായി കുപ്പാടി സ്കൂളിൽ വരുന്നത് അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥിനിയായിട്ടാണ്. വളരെ നല്ല സകൂളാണ് കുപ്പാടി. ഒരുപാട് കൂട്ടുകാരെ എനിക്ക് കിട്ടി. ഞങ്ങൾ എല്ലാവരും കൂടി ഒരു ദിവസം വയനാടിന്റെ ചരിത്രം ഉറങ്ങുന്ന എടക്കൽ ഗുഹയിലേക്ക് യാത്രയായി. എടക്കൽ ഗുഹയിൽ അതിമനോഹരമായ ഒരുപാട് കാഴ്ചകൾ കണ്ടു. വൈകുന്നേരം ഞങ്ങൾ എല്ലാവരും വീട്ടിലേക്ക് പോയി. വളരെ നല്ല യാത്രയായിരുന്നു ഇത്. ഒരിക്കലും മറക്കാൻ പറ്റാത്ത ജീവിതത്തിലെ അനശ്വരമായ നിമിഷങ്ങൾ കോർത്ത യാത്ര.....

ഗീതു എം. വി  ൭ B

# പൂമ്പാറ്റയും കുട്ടിയും



നാനാ വർണ്ണ പൂക്കൾ ചിരിക്കും
പൂന്തോട്ടത്തിൽ കുട്ടികളാർത്തു
രസിക്കുന്നു
തുമ്പികൾ പാറി നടക്കുന്നു......

കിളികൾ ഊഞ്ഞാലാടുന്നു
പൂവുകൾ പുഞ്ചിരി തൂകുന്നു
വർണ്ണ ചിറകുകൾ വീശിവരുന്നൊരു
പൂമ്പാറ്റേ......

നീയെന്നോടൊത്ത് കളിക്കില്ലേ..
പുൽത്തകിടിൽ താളം തുള്ളുമോ
കുയിലിന് പാട്ടിൽ നൃത്തം ചെയ്യുമോ..
നിന്റെയുടുപ്പിൽ പൂവുകൾ തുന്നിയതാരാണ്......

കൃഷ്ണേന്ദു ആർ 4 A

# ധനുമാസം


കുളിർകോരി നിറയുന്ന പുലരികൾ
ആഗാധ നീല ഗഗനസീമകൾ
മെല്ലെ വീശുന്ന
കാറ്റിൽ പോലും
ഹൃദയം തൊടുന്ന തണുപ്പ്...



മൂവന്തിയിൽ
സന്ധ്യതൻ തീ
കെട്ടണയുമ്പോൾ
വഴിയോരത്ത് കഥകൾ
കേട്ട്
താംബൂലം മണത്ത്
തീകാഞ്ഞിരിക്കുന്നവർ
നെഞ്ചിലെ തീയാൽ
പരസ്പരം അകന്നു
പോയെങ്കിലും
മറ്റൊരു ദേശത്ത്
അന്നത്തിന് അടുപ്പുകൾ
പുകയുമ്പോൾ പ്രിയ ധനു മാസമേ
ഞാനണയുന്ന നാട്ടിലെ
ചൂട്ടും തണുപ്പുമേകാൻ.......

മുഹമ്മദ് ഫസൽ 9 B

# വായനാക്കുറിപ്പ്



പാവയൂണ് എന്നപുസ്തകം ഞാൻ വായിച്ചു. ഇതിന്റെ രചയിതാവ് എം ഗിരിജയാണ്. ചിത്രീകരണം സോമൻ കടലൂരിന്റേയും. മീനുക്കുട്ടിയും കൂട്ടുകാരും പാവയൂണ് ആഘോഷിക്കുകയാണ് ഈ കഥയിൽ. പാവയൂണ്ആഘോഷിക്കാൻ അമ്മമ മീനുക്കുട്ടിയോട് പറഞ്ഞു. അതിനായി എല്ലാവരേയും ക്ഷണിക്കൻ മീനുക്കുട്ടി ഓടി.പട്ടി,പൂച്ച,കാക്ക,ആട്,പശു,താറാവ്,കോഴി,പൂമ്പാറ്റ,തുമ്പി, തേനീച്ച,അണ്ണാൻ,പൂങ്കുരുവി,മൈന ഇവയെല്ലാം പാവയൂണിനായി മീനുക്കുട്ടിയുടെ വീട്ടിലെത്തി. ഇവർക്കെല്ലാം ഓരോ പ്രത്യേകത ഉണ്ടായിരുന്നു.നനഞ്ഞ പൂച്ച,കണ്ണില്ലാത്ത കാക്ക എന്നിങ്ങനെ.....

ഈ പുസ്തകത്തിൽ ധാരാളം ചിത്രങ്ങളും ചെറിയ വാക്യങ്ങളുമാണ് അധികം.. വളരെ രസകരമായ ഈ കഥ എനിക്ക് വളരെ ഇഷ്ടമായി...........

ചന്ദ്രലേഖ പി ജെ 4 C

# കേരളത്തെ വിഴുങ്ങിയ
# പ്രളയം നീയോ ?



എന്തിനാണു  നീ വന്നത്
പാവമീ കേരളത്തെ വിഴുങ്ങാൻ
പച്ചപ്പട്ടു വിരിച്ചതുപ്പോലുള്ള
ഞങ്ങളുടെ നാടിനെ വിഴുങ്ങാൻ..

മഴയാകെ കേരളത്തെ വിഴുങ്ങി
നീയും കേരളത്തെ ഒന്നായ് വിഴുങ്ങി
കുളിർതെന്നലിന്റെ സുഗന്ധമുള്ള
നാടാണ് നമ്മുടെ കേരളം...

തെങ്ങിൻ തോപ്പുകളുമായി അലം-
ഗൃതമായ ഞങ്ങളുടെ കേരളത്തെ
ഒന്നായ് വിഴുങ്ങാൻ വന്നതെന്തിന് ?
എന്തിനാണു നീ ഞങ്ങളെ ക്ലേശ്ശിക്കുന്നത് ?


ഷെറിൻ ബിജു 6 B

# ഏഴായിരം ഭാഷകൾ

വൈവിധ്യമാർന്ന ഏഴായിരത്തോളം ഭാഷകൾ ഇന്ന് ലോകത്തുണ്ടെന്ന് കണക്കാക്കപ്പെടുന്നു.ഔദ്യോഗിക ഭാഷകൾ ,ശ്രേഷ്ഠഭാഷകൾ ,പ്രാദേശിക ഭാഷകൾ എന്നിങ്ങനെ ഭാഷകളെ തരം തിരിക്കാം.90 രാജ്യങ്ങളിൽ പ്രാദേശിക ഭാഷാ സമൂഹങ്ങളുണ്ടെന്നാണ് കണക്ക്.370 മില്ല്യൺ ജനങ്ങൾ നാട്ടുഭാഷകൾ ഉപയോഗിച്ചുവരുന്നുണ്ട്.വിവിധ നാട്ടുഭാഷകൾ ഉൾക്കൊള്ളുന്ന അയ്യായിരത്തോളം സംസ്കാരങ്ങളും നിലനിൽക്കുന്നുണ്ട്.ആകെയുള്ളതിൽ 2680 ഭാഷകൾ ഭീഷണി നേരിടുകയാണ്.പ്രകൃതിയിൽ ജന്തു സസ്യജാലങ്ങൾ മാത്രമല്ല..ഭാഷകളും വംശനാശ ഭീഷണി നേരിടുന്നുണ്ട്.അതിനാൽ നമുക്ക് കൈകോർക്കാം ഭാഷകൾക്കായി......

വിനീഷ് ജി 9 C

# സ്കൂളിനൊരു പുതിയ മുഖം...



2017-18 വർഷത്തിലാണ് സ്കൂളിന് ഒരു ഹൈസ്കൂൾ പുതിയ കെട്ടിടംകിട്ടിയത്.വളരെ ദിവസങ്ങൾ എടുത്താണ് പുതിയ കെട്ടിടംകെട്ടികഴിഞ്ഞത്.മനോഹരമായ പുതിയ കെട്ടിടം 2017 ഡിസംബർ 4 -ാം തിയ്യതി ഉദ്ഘാടനം ചെയ്യാൻ കഴിഞ്ഞു.ഇത് കുപ്പാടി സ്കൂളിന്റെ വലിയൊരു ഉപകാരവും വിജയവുമായിരുന്നു.രണ്ടു നില കെട്ടിടം ആയിരുന്നതിനാൽ ഹൈസ്കൂളിലെ എല്ലാ കുട്ടികൾക്കും പഠിക്കാൻ സൗകര്യമായി.കുറച്ചുദിവസങ്ങൾക്കു ശേഷം കമ്പ്യൂട്ടറും പ്രൊജക്ടറുമടക്കം വിവിധങ്ങളായ പഠനസാമഗ്രികൾ എത്തിയത് കുട്ടികൾക്ക്  ഉപകാരമായി.ക്ലാസ്സിൽ നിന്നു തന്നെ ചുമരിൽ കണ്ടുകൊണ്ട് പഠിക്കുന്നത് ഭാഗ്യമായാണ് കുട്ടികൾ കരുതുന്നത്.അപ്പോഴാണ് 2018 വർഷം കടന്നുപോയത് 2019 ൽ അടുത്തതായി ഒരു കെട്ടിടം കൂടി പണിയാൻ തുടങ്ങി.പുതിയ കെട്ടിടത്തിന്റെ പണി ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. മൂന്നു കെട്ടിടമായാൽ കുട്ടികൾക്ക് സൗകര്യമായി പഠിക്കുവാൻ കഴിയും.ഹൈടെക് ആയതിനാൽ S S L C എഴുതുന്ന കുട്ടികൾക്കും വളരെ ഈസിയായി ഉന്നത വിജയം നേടാൻ സാധിക്കും. മനോഹരമായ ക്ലാസ്സ് റൂമുകളും റ്റോയ്ലറ്റുകളും ഉള്ളതാണ്

ഇപ്പോഴത്തെ കുപ്പാടി സ്ക്രൂൾ.പുസ്തകങ്ങൾ നോക്കി പഠിക്കുന്നതിനെക്കാൾ എളുപ്പത്തിൽ പഠിക്കാൻ കഴിയുന്നത് പ്രൊജക്ടർ ഉപയോഗിച്ച് പഠിക്കുന്നതാണ്.ഇനി വരുന്ന തലമുറയ്ക്ക് കുപ്പാടി സ്ക്രൂളിലൂടെ വളരാൻ കഴിയും.

അഞ്ജിൽ ചാക്കോ 9 B




ശാസ്ത്രമേളകളിൽ ഗണിത പൂക്കളങ്ങൾ നിറയുമ്പോൾ

# ഇന്ത്യൻ ഭാഷകൾ

സമ്പന്നമായ ഒരു സാംസ്കാരിക പാരമ്പര്യമുണ്ട് ഭാരതത്തിന്.ഇവിടുത്തെ വൈവിധ്യമാർന്ന ഭാഷകളാണ് അതിന് അടിസ്ഥാനം.ലോകത്ത് ഏറ്റവും കൂടുതൽ ഭാഷകൾ കാണപ്പെടുന്നതിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്.780 – ൽ കൂടുതൽ ഭാഷകൾ ഇന്ത്യയിലുണ്ട്.ഇന്ത്യയിലെ ഭാഷകളെ ആറ് ഭാഷാകുടുംബങ്ങളാക്കാം.78% ആളുകൾ സംസാരിക്കുന്നത് ഇൻഡോ - യൂറോപ്യൻ ഭാഷ ഗോത്രത്തിന്റെ ഉപവിഭാഗമായ ഇൻഡോ - ആര്യൻ ഭാഷാ കുടുംബമാണ്.ഇതിൽ പ്രഥമ സ്ഥാനത്തുള്ളതും ഈ ഭാഷയാണ്.

1500 -2000 വർഷത്തോളം പഴക്കമുള്ളതും ആ ഭാഷയിൽ രചിക്കപ്പെട്ട സാഹിത്യ കൃതികൾ തലമുറകളിലൂടെ കൈമാറി വന്നതും മൗലികമായ സാഹിത്യ പാരമ്പര്യമുള്ളതും.ആധുനിക ഭാഷയിൽ നിന്നും വ്യത്യസ്തമായതുമായ ഭാഷക്കാണ് ക്ലാസിക്കൽ ഭാഷ പദവി നൽകുന്നത്.

അനഘ സുരേഷ് 9 C

# ക്വിസ്സ്



1) ഭരണഘടനയുടെ തിരിച്ചറിയൽ കാർഡ് എന്ന് ആമുഖത്തെ വിശേഷിപ്പിച്ചത് ?

ഉത്തരം : എൻ എ പൽക്കിവാല

2) റിപ്പബ്ലിക് എന്ന ആശയം ഇന്ത്യ ഏത് രാജ്യത്തു നിന്നുമാണ് കടം കൊണ്ടത് ?

ഉത്തരം : ഫ്രാൻസ്

3) മഹാത്മഗാന്ധി കീ ജയ് എന്ന മുദ്രാവാക്യം വിളിച്ചുകൊണ്ട് പാസ്സാക്കിയ ഭരണഘടന വകുപ്പ് ?

ഉത്തരം : ആർട്ടിക്കിൾ 17

4) മദ്യനിരോധനം നടപ്പിലാക്കണമെന്ന് അനുശാസിക്കുന്ന ഭരണഘടന വകുപ്പ് ?

ഉത്തരം : ആർട്ടിക്കിൾ 47

5) പോസ്റ്റ്മോർട്ടം എന്നറിയപ്പെടുന്നത് ?

ഉത്തരം : പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി

6) പദവിയിലിരിക്കെ അന്തരിച്ച ആദ്യ ലോക്സഭ സ്പീക്കർ ?

ഉത്തരം : ജി വി മാവ്ലങ്ക്

7) ഭരണഘടനയുടെ ഹൃദയവും ആത്മാവും എന്ന് ആമുഖത്തെ വിശേഷിപ്പിച്ചതാര് ?

ഉത്തരം : തക്കുർദാസ് ഭാർഗവ്

8) ഇന്ത്യൻ ഭരണഘടന എഴുതി തയ്യാറാക്കിയ വ്യക്തി ?

ഉത്തരം : പ്രേം ബിഹാരി

9) വിദ്യാഭ്യാസം മൗലിക അവകാശമാക്കി മാറ്റിയപ്പോൾ ഭരണഘടനയിൽ കൂട്ടിച്ചേർത്ത ആർട്ടിക്കിൾ ?

ഉത്തരം : 21a

10) ഭരണഘടനയുടെ ഹൃദയവും ആത്മാവും എന്ന് അംബേദ്ക്കർ വിശേഷിപ്പിച്ച ഭാഗം ?

ഉത്തരം : ആർട്ടിൾ 32

ആൽബിൻ പി എസ് ൧ C

# ജി എച്ച് എസ് കുപ്പാടിയുടെ സസ്യലോകം

ജി എച് എസ് കുപ്പാടി എന്നത് ഒരു സാധാരണ ഹൈസ്ക്കൂൾ അല്ല.മികച്ച സ്ക്രൂളുകളുടെ പട്ടികയിൽ ഒരുവനാണ്.ഹൈടെക് ക്ലാസ്സ് മുറികൾ,സൗജന്യ വിദ്യാഭ്യാസം,ആയിരത്തോളം കുട്ടികൾക്ക് രുചികരമായ ഭക്ഷണം,കലാകായിക സൗകര്യങ്ങൾ തുടങ്ങി ധാരാളം സൗകര്യ സവിശേഷതകൾ കുപ്പാടിക്കുണ്ട്

സ്ക്രൂളിലെ ഒരു പ്രധാന സവിശേഷത എന്നത് സ്ക്രൂളിലൊട്ടാകെയുള്ള വൈവിധ്യമാർന്ന സസ്യങ്ങളാണ്.ഒന്നാമതായി സ്ക്രൂളിന്റെ എല്ലാ മൂലയിലും തലയുയർത്തി നിൽക്കുന്ന  പാവങ്ങളുടെ വൃക്ഷം എന്നറിയപ്പെടുന്ന മുളകളും സ്ക്രൂളിന്റെ ഏതു ഭാഗത്തും കാണാൻ കഴിയുന്ന ഇലഞ്ഞിമരവും സ്ക്രൂളിന്റെ പ്രായമറിയിക്കുന്ന കുട്ടികളുടെ മുത്തശ്ശിയായ മുത്തശ്ശിമരവും അങ്ങനെ ധാരാളം വൃക്ഷങ്ങളാണ് സ്ക്രൂളിലുള്ളത്.

ഇതിൽ എടുത്തുപറയേണ്ട ഒന്ന് മുത്തശ്ശിമരം ആണ്.കാരണം ,അഞ്ചു വൃക്ഷങ്ങൾ ചേർന്ന വലിയൊരു വൃക്ഷമാണ് മുത്തശ്ശിമരം.പശ വൃക്ഷം ,അരയാൽ,അത്തി,പേരാൽ,ഇത്തി എന്നീ വൃക്ഷങ്ങൾ ചേർന്നതും ധാരാളം പക്ഷികൾക്ക് വാസസ്ഥലമേകിയും തണൽനൽകുന്നതിലൂടെയും അത്തിക്കായ് ,പശക്കായ് എന്നീ പഴങ്ങൾ ജീവജാലങ്ങൾക്ക് ഭക്ഷണമായി നൽകിയും

പ്രകൃതിയുടെയും ജീവജാലങ്ങളുടെയും ഇടയിൽ വലിയ സ്ഥാനമാണ് മുത്തശ്ശിമരം പിടിച്ചുപറ്റിയിരിക്കുന്നത്

ഇതു പോലെ ധാരാളം മരങ്ങൾ ഇനിയും കുപ്പാടി സ്ക്രുളിലുണ്ട്.ഇത്തരം മരങ്ങൾ ഒറ്റ ഹൃദയത്തിൽ എന്നും ഉയർന്നുനിൽക്കട്ടെ...

മുഹമ്മദ് ഫസൽ 8 A









# സുബ്രഹ്മണ്യൻ ചന്ദ്രശേഖരൻ



1930 കളിൽ നക്ഷത്രങ്ങളെ കുറിച്ച് പഠനം നടത്തിയ ചന്ദ്രശേഖരൻ, വെള്ളക്കുള്ളൻ നക്ഷത്രങ്ങൾക്ക് ഉണ്ടാകുന്ന പരമാവധി ദ്രവ്യമാനം ഗണിതപരമായി കണ്ടെത്തി. സൗരമാസിന്റെ 1.44 ഇരട്ടിയാണ് ഈ സംഖ്യ. ഈ പരിധി നക്ഷത്ര പരിണാമത്തിൽ നിർണായകമാണ്. ഇതാണ് "**ചന്ദ്രശേഖർ സീമ**"

അനഘ തങ്കച്ചൻ 9 C

# ഒന്നുകൾ ഓടിവരുന്നു.

| | | | | | | |
|---|---|---|---|---|---|---|
| 0 | x | 9 | + | 1 | = | 1 |
| 1 | x | 9 | + | 2 | = | 11 |
| 12 | x | 9 | + | 3 | = | 111 |
| 123 | x | 9 | + | 4 | = | 1111 |
| 1234 | x | 9 | + | 5 | = | 11111 |
| 12345 | x | 9 | + | 6 | = | 111111 |
| 123456 | x | 9 | + | 7 | = | 1111111 |
| 1234567 | x | 9 | + | 8 | = | 11111111 |
| 12345678 | x | 9 | + | 9 | = | 111111111 |
| 123456789 | x | 9 | + | 10 | = | 1111111111 |

ദീപ്ത പാർവ്വണ 4 A



# നീന്തി തളർന്ന രാവുകൾ

ഓടിതളർന്നവനോടിത്തളർന്നു
നീന്തിത്തളർന്നവന്ന് നീന്തിത്തളർന്നു
ഓർക്കാൻ വെറുക്കുന്ന രാവുകൾ വീണ്ടും
ഓർമ്മയിൽ എന്നെ ഓടിക്കുന്നു

ആവില്ലിനി ആവില്ലിനി ആവില്ല
ആ രാവുകൾ ഓർക്കാനെനിക്കാവതില്ല
ജീവിന്റെ തുടിപ്പറിയുന്ന രാവ്
ജീവനു വേണ്ടി പോരാട്ടം നടത്തും

അട്ടഹാസങ്ങളും പോർവിളികളും
കേൾക്കാനെനിക്കിനി ആവതില്ലേ...
കയറെട് എന്ന ആ നിലവിളി
കാതിൽ മുഴങ്ങുന്നു പല നിമിഷം

വിശന്നുവലഞ്ഞ ആ രാത്രി
ദാഹമുരളിയ ആ രാത്രി
ഉറക്കം തളർത്തി എന്നെ


ഭയപ്പെടും ശബ്ദം ഏകിയേകി.....

ഷഹാന പർവ്വീൺ 7 A



ശാസ്ത്രമേളയിൽ എൽ പി കുട്ടികൾ പങ്കാളിത്തം വഹിക്കുന്നു

# അമ്മേ വിശക്കുന്നു....



"അമ്മേ വിശക്കുന്നു.... അമ്മേ വിശക്കുന്നു..."
അമ്മ പക്ഷിയുടെ കാതിൽ ഈ ശബ്ദം അലയടിക്കുന്നുണ്ടായിരുന്നു."മക്കളെ വിഷമിക്കേണ്ട...അമ്മ ഉടൻ ഭക്ഷണം കൊണ്ടു വരാം...""അമ്മേ വിശക്കുന്നു,അമ്മേ വിശക്കുന്നു..." എന്നിട്ടും പക്ഷിക്കുഞ്ഞുങ്ങളുടെ വായിൽ ഈ നാമകരണം മാത്രം...അങ്ങനെ വാനമ്പാടി തീറ്റതേടിപ്പോയി. അലഞ്ഞ് അലഞ്ഞ് ഒരു വീടിന് മുന്നിൽ എത്തി.ആ കാഴ്ച്ച അവളെ ഏറെ രസിപ്പിച്ചു."ഡാ....നിക്കെടാ അവിടെ..ഡാ ജെറി....."അവനെ അവന്റെ അമ്മ തല്ലുന്നു.അവൻ വേദനയോടെ അലറിക്കരയുന്നു.അപ്പോഴാണ് അവന്റെ അമ്മാവൻ മാധവൻ കാലിൽ ഒരു മുറിവുമായി വരുന്നു."അമ്മാവാ എന്തുപറ്റി...? എന്തു സംഭവിച്ചു...?"ജെറി ആകാംഷയോടെ ചോദിച്ചു.മാധവൻ അമ്മാവൻ പറഞ്ഞു : "കാട്ടിൽ പോയപ്പോൾ ഒരു ചെറിയ പരിക്ക്,ആ അതു സാരമില്ല...""അമ്മാവാ വേട്ടയ്ക്ക് പോവാം..."ജെറി ചോദിച്ചു."ഓക്കെ...ഇന്ന് ഒരു വാനമ്പാടിയെ വേണം,അതിനെ ഒന്നു ചുട്ടുതിന്നാൽ ഹായ് എന്താ രസം..." മാധവൻ അമ്മാവൻ പറഞ്ഞു.എന്നാൽ ഇതൊന്നും വാനമ്പാടിയ്ക്ക് മനസ്സിലായില്ല.അപ്പോഴാണ് അവൻ കണ്ടത് അരക്കല്ലിനു മീതേ കുറേ ചോറും വറ്റുകൾ...വാനമ്പാടി അങ്ങോട്ടൊരൊറ്റ പറത്തം.അവൾ ചോറുംവറ്റുകൾ കൊത്തിക്കൊണ്ടിരിക്കുമ്പോൾ ഠോ.....എല്ലാവരും നിശബ്ദം."തേടിയ വള്ളി കാലിൽ ചുറ്റി..." ജെറി

പറഞ്ഞു.വാനമ്പാടിയുടെ ശിരസ്സിലേക്ക് ഉണ്ട തുളച്ചു കയറി...അവൾ താഴേക്ക് പതിച്ചു...ചുണ്ടിൽ അപ്പോഴും ആ ചോറ് വിടാതെ അവൾ പിടിച്ചിരുന്നു.അവൾ ചോരയാർന്ന ശരീരത്തോടെ ചിറകടിച്ച് നിലത്തുടെ വേദനയോടെ തിരഞ്ഞു...തന്റെ മക്കളെ...അപ്പോഴേക്കും ആ ദുഷ്ടൻമാർ അവിടെ എത്തിയിരുന്നു.അവളുടെ  ചിറകുകളിൽ പിടിച്ച് അവളെ തൂക്കിയെടുത്തു."അയ്യേ ...ഇതുപറ്റില്ല..."മാധവൻ അവളെ വലിച്ചെറിഞ്ഞു....നേരെ അവൾ ചെന്നു വീണത് വെള്ളത്തിലേക്കാണ്...അവളുടെ ചോര ആ വെള്ളത്തിന് ഒരു മാറ്റവുമുണ്ടായിട്ടില്ല...അവൾ വിങ്ങലോടെ പറഞ്ഞു."ഇവരെന്താ നന്നാവത്തത്...?" അങ്ങനെ ഒഴുകി ഒഴുകി യാത്രയായി...അവളുടെ കുഞ്ഞുങ്ങൾ ആ അമ്മ പക്ഷി തിറ്റയായി വരുമെന്ന പ്രതീക്ഷയോടെ "അമ്മേ വിശക്കുന്നു"എന്ന് ശബ്ദിച്ചുകൊണ്ടേയിരുന്നു.

ദേവിക പി എസ്   7 B

-28

# കേരളത്തെ നടുക്കിയ ദുരന്തം

കേരളീയ ജനതയുടെ മനം തകർത്തൊരീ ദുരന്തം

സർവ്വസ്വപ്നങ്ങളും മറച്ച ദുരന്തം
ഒരു കുഞ്ഞു കാറ്റായി വന്ന്
മനസ്സിൽ നിന്നു മറയാത്ത
വിതുമ്പൽ പോലെ ഒരു ദുരന്തം

ദൈവത്തിന്റെ സ്വന്തം നാടെന്ന കേരളത്തെ
ഇല്ലായ്മ ചെയ്തൊരീ ദുരന്തം
അതിജീവനത്തിനായി നെട്ടോട്ടമോടുന്നൊരീ ജനത
വീടും നാടും എവിടെയെന്നറിയാതെ നെട്ടോട്ടമോടുന്നൊരീ ജനത

ദുരന്തമെന്തന്നറിഞ്ഞൊരീ ജനതയ്ക്കു
വേണ്ടി കൈകോർക്കാം നമുക്ക്
പ്രളയം വിഴുങ്ങിയ ജനതയ്ക്കുവേണ്ടി
പ്രാർത്ഥിക്കാം നമുക്ക് പ്രവർത്തിക്കാം.....



ജിത ജോർജ്ജ് 7 A

# THE LOCK

Suppose you want to sent by post a valuable object to a friend. You have a box which is big enough to hold the object. The box has a locking ring which is large enough to have a lock attached and you have several locks with keys. However,your friend does not have the key to any lock that you have. You cannot send the key in an unlocked box since it may be stolen or copied. How do you send the valuable object , locked , to your friend – so it may be opened by your friend ?

Answer : send the box with a lock attached and locked. Your friend attaches his or her own lock and sends the box back to you. You remove your lock and send it back to your friend. Your friend may then remove the lock she or he put on and open the box.

By,

-30

Rincy K R 9 A

# Count your brain

1.SEVEN DIGITS

write the seven digits from 1 to 7 one after another and connect them with plus and minus signs to obtain 40.

answer : 12 + 34 – 5 + 6 – 7 = 40

2.GET 55

write the seven digits from 1 to 7 one after another and connect them with plus and minus signs to obtain 55.

answer :12 – 3 + 45 – 6 + 7 = 55

3.NINE DIGITS

write the nine digits from 1 to 9 one after another and connect them with plus and minus signs to obtain 100.

answer : 123 + 4 – 5 + 67 – 89 = 100

by ,

-31

ABHIMANUE V A 9 B



ക്യാമ്പുകളിലൂടെ


പത്രവാർത്ത

# പക്ഷികളുടെ സ്വർഗം അഗ്നിക്കിരയായി

വടക്കൻമല : ഇന്നലെ രാത്രിയിൽ ഏതാനും മനുഷ്യർ ഞാവൽക്കാടിന്          തീ വച്ചു.കാടിന്റെ ഒരു ഭാഗം വെന്തെരിയാൻ തുടങ്ങിയെങ്കിലും പെട്ടന്നുണ്ടായ മഴ കാടിനെ രക്ഷപ്പെടുത്തി.ഉണ്ടക്കണ്ണൻ മൂങ്ങയാണ് ഈ ഭീകര ദൃശ്യം ആദ്യമായി കണ്ടത്.പരിഭ്രാന്തരായ പക്ഷികളെ ഗരുഡമ്മാവൻ സമാധാനിപ്പിച്ചു.കാക്കകളിൽ ചിലർ താവളം വിട്ട് പോയി.ചെറുപ്പക്കാരായ മൂങ്ങകൾ സ്ഥലം വിട്ടത് ശരിയായില്ലെന്ന് മറ്റു മൃഗങ്ങൾ അഭിപ്രായപ്പെട്ടു.കാട്ടിൽ പെയ്ത മഴ ദുരന്തത്തിന്റെ കാഠിന്യം കുറച്ചു.മനുഷ്യർ നിരാശരായി തിരിച്ച് പോയി.

അലൻ ഷിജു 4 A

# ഒരു കോഴിക്കോടൻ യാത്ര...




ഞങ്ങളുടെ ഈ വർഷത്തെ പഠനയാത്ര കോഴിക്കോട്ടേക്കായിരുന്നു.50 പേരെയും കൊണ്ട് 7 മണിക്ക് ബസ്സ് പുറപ്പെട്ടു.ഞങ്ങൾ S B T ബസ്സിലായിരുന്നു പോയത്.ബസ്സ് അതിവേഗത്തിൽ കൽപ്പറ്റയിലെത്തി.ഞങ്ങളുടെ കൂടെ 3 അധ്യാപകരുണ്ടായിരുന്നു.ബസ്സ് വൈത്തിരിയിൽ എത്തിയപ്പോൾ അവിടെ തേയില കൊളുന്തുന്ന സ്ത്രീകളെ കണ്ടു.വളരെ രസമായിരുന്നു ആ തേയിലത്തോട്ടം.അങ്ങനെ ബസ്സ് ചുരത്തിലെത്തി.തീപ്പെട്ടിക്കൂടുകൾ പോലെ ബസ്സുകൾ മുകളിലേക്ക് കയറിവരുന്നതു കണ്ടു.മഞ്ഞുപുതച്ചുറങ്ങുന്ന മലനിരകൾ....ചുരം കഴിഞ്ഞ് ഈങ്ങാപ്പുഴ എത്തിയപ്പോൾ കുറേ കുട്ടികൾ പറഞ്ഞു.വയനാടിന്റെ തണുപ്പൊന്നും കോഴിക്കോടില്ലല്ലോ.? പ്ലാനറ്റോറിയത്തിൽ എത്തി 3D തിയേറ്ററിൽ നിന്ന് സിനിമ കണ്ടു.അത് കഴിഞ്ഞു ആഹാരം കഴിച്ച് വീട്ടിലേക്ക് തിരിച്ചു.

വൈഗ ജെ ആർ 4 A

# സയൻസ് കറണ്ട് അഫേഴ്സ്

1) 2018 ൽ അന്തരിച്ച പ്രശസ്ത തമോഗർത്ത ശാസ്ത്രജ്ഞൻ ?

➔ സ്റ്റീഫൻ ഹോക്കിങ്ങ്

2) I S R O യുടെ പുതിയ ചെയർമാൻ ?

➔ കെ ശിവൻ

3) 2020 ഓട് കൂടി ഇന്ത്യക്കാരെ ബഹിരാകാശത്തെത്തിക്കുന്ന പദ്ധതി ?

➔ ഗഗൻയാൻ

4) സൂര്യനെക്കുറിച്ച് പഠിക്കാൻ 2018 ൽ നാസ വിക്ഷേപിച്ച ഉപഗ്രഹം ?

➔ പാർക്കർ സോളാർ പ്രോബ്

5) ഓൺലൈൻ പഠനവിഭവ പോർട്ടൽ ?

➔ ഒറൈസി

6) കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര ഉപദേഷ്ടാവ് ?

➔ കെ വിജയരാഘവൻ

7) ശാന്ത സമുദ്രത്തിൽ പതിച്ച ചൈനയുടെ ബഹിരാകാശ നിലയം ?

➔ ടിയാൻഗോങ്

8) ഈയിടെ I S R O വിക്ഷേപിച്ച ഉപഗ്രഹം ?

➔ G SAT 6A


നീരജ സന്തോഷ് 9 B



## അല്ലുവിന്റെ ചിന്തുകൾ

തിരാദുഃഖത്തിന്റെ മുൾമുനയിൽ എറിഞ്ഞിട്ട ചില പന്തുകളാണ് നാം. പന്തിനുള്ളിൻ നീർ ശ്വാസം അറിഞ്ഞ നാം,എന്നൊ എപ്പഴൊ പന്ത് ചുണ്ടിയപ്പോൾ നാം ശ്വസമില്ലാതെ മരണവെപ്രാളത്തിൽ കണ്ട ആ ദ്വാരം,നാം കണ്ടെത്തി എന്ന് വിശ്വസിക്കപെട്ട ആ ദ്വാരം അത് നമ്മുടെ കണ്ടുപിടിത്തമായി നാം തന്നെ വിശ്വസിച്ചു. എന്നാൽ പന്തിനു പുറത്ത് ആരോ തുളച്ച ദ്വാരമാമ് നാം കണ്ടെത്തിയത്,എന്നുപോലും അറിയാത്ത വിഢികളാണ്

നാം... വിഢികൾ.....................





നീയും ഞാനും ചിന്തിക്കാറുണ്ട് ഈ മണ്ണ് നമ്മുടേതാണെന്ന്,അതെയെന്ന് ഞാൻ നിന്നോടും നീ എന്നോടും വിശ്വസിപ്പിച്ചു. എന്നാൽ അത് നീയും ഞാനും വിശ്വസിച്ച തെറ്റായ സത്യമാണ്. ഈ മണ്ണ് നിന്റെയുമല്ല..... എന്റെയുമല്ല... ഈ മണ്ണ് ആരുടേയൊ ഉത്തരം കിട്ടാത്ത ചോദ്യമാണ്.,ചോദ്യം.........................

അന്നൈറ്റ എം ജോയി 9 B



# കേരളം വർണ്ണന

അറബിക്കടലിനും പശ്ചിമഘട്ട മലനിരകൾക്കുമിടയിൽ  കാടും ,മേടും ,കുന്നും , പുഴയും ,കായലുകളും ,തടാകങ്ങളും നിറഞ്ഞ്.നീണ്ടുകിടക്കുന്ന നമ്മുടെ നാടിന്റെ പ്രകൃതിഭംഗി ആരേയും ആകർഷിക്കുന്നതാണ്.ഈ പ്രകൃതിഭംഗി കൊണ്ടു മാത്രമല്ല സമ്പന്നമായ കലാപാരമ്പര്യം കൊണ്ടുകൂടിയാണ് കേരളം സവിശേഷശ്രദ്ധ ആകർഷിക്കുന്നത്.മനസ്സിനെ സന്തോഷിപ്പിക്കുന്ന മലയാളനാട് ഭാരതദേശത്തിന്റെ മനോഹരമായ ചിലങ്ക പോലെ ശോഭിക്കുന്നു.മേഘങ്ങളാകുന്ന ഉടുപ്പിട്ട മലയും കുന്നും......ആന,മാൻ,കടുവ,പന്നി....തുടങ്ങിയ മൃഗങ്ങൾ വിഹരിക്കുന്ന കാടുകളും തെളിഞ്ഞ ഓളങ്ങളുടെ മൂളിപ്പാട്ടുമായി പോകുന്ന ആറുകളും ആമ്പൽ നിറഞ്ഞ പൊയ്കകളും നാനാവർണ്ണത്തിലുള്ള പക്ഷികൾ ചേക്കേറുന്ന വൃക്ഷം.....മാവ്,വാഴ തുടങ്ങിയ വൃക്ഷങ്ങൾ നിറഞ്ഞ തോപ്പുകളും അശോകവും,ചെമ്പകവും,പിച്ചിയും,മുല്ലയും ചേർന്ന പൂന്തോട്ടങ്ങളും നനവുള്ള പാടങ്ങളും പശു മേയുന്ന പറമ്പുകളും നിറഞ്ഞ പ്രകൃതി സൗന്ദര്യത്തിന്റെ ഒരു പ്രതീകമാണ് കേരവൃക്ഷങ്ങളുള്ള കേരളം..


ഫാത്തിമ അഫ്‌ലഹ  4 A

# പാഠം

വീടെല്ലാം പ്രളയത്തിൽ ഒലിച്ച് പോയെങ്കിൽ
എന്ത് ?
നമ്മുടെ സ്വയം പ്രകൃതി തന്നിലെ ഒരു
ജീവിത പാഠം
കേരളം നില തെറ്റിയെങ്കിൽ
എന്ത് ?
കണ്ണു നീരിൽ ഒലിച്ച് പോയില്ലേ ഗർവ്
തന്നില്ലെ സഹോദരൻ സഹോദരനെ
തിരിച്ചറിയണമെന്ന പാഠം
പാഠ പുസ്തകം പ്രകൃതിയിലേക്ക് മണ്ണിലേക്ക്
ഒലിച്ച് പോയെങ്കിലെന്ത്
തന്നില്ലെ പ്രകൃതി ഒരു ജീവിത പാഠം
ഒരുനാൾ പിറകിയലായെങ്കിലെന്ത് ?
കേരളത്തെ കരകയറ്റിയില്ലെ
മത്സ്യ തൊഴിലാളികൾ
വിശക്കുന്നവന്റെ മുന്നിൽ
അപ്പമാണ് ദൈവമെന്നും
നോട്ടുകെട്ടുകൾക്ക് കടലാസിന്റെ
വിലയില്ലാതായതും നാം കണ്ടു
മനുഷ്യന്റെ അഴുക്കുകൾ കുളിപ്പിച്ചല്ലെ
പ്രകൃതിയെന്ന ദേവത........
ദുരന്തത്തിന്റെ വഴിത്തട്ടുകൾ ആയാലും
തന്നിലേ പ്രകൃതി താളുകൾ ഒരുമയുടെ പാഠം
മറുനാടിന്റെ വിയർപ്പിൽ ഗാദമുള്ള പൂക്കൾ
പൂക്കളമിടാനും
വിഷം കലർന്ന പച്ചക്കറികളാലും
ഓണമുണ്ണാൻ കാത്തിരുന്നപ്പോൾ
പ്രളയത്താം കണ്ണിടുമ്പിയ

പ്രകൃതിയാണ് ദൈവമെന്നും
അമ്മയെന്നും തിരിച്ചറിയുവാനുള്ള പാഠം
ആയിരത്തൊന്ന് കിനാവുകൾ കഴിഞ്ഞാലും
തീരില്ല പ്രകൃതിയോടുള്ള കടപ്പാട്
കുഞ്ഞേ പാഠപുസ്തങ്ങളെല്ലാം
പ്രളയത്തിൽ ഒലിച്ചു പോയങ്കിലെന്ത് ?
തന്നില്ലെ പ്രകൃതി ജീവിത പാഠം
ജീവിത പാഠം
ഒരുമയുടെ പാഠം
രാവുകഴിഞ്ഞാലും തീരാത്ത കൊട്ടും
മഴയിതാ ജീവിത പാഠമായി മാറുകയാണ്.

മാളവിക സന്തോഷ്



# വൈക്കം മുഹമ്മദ് ബഷീർ

മലയാള സാഹിത്യം ലോക ചക്ര വാളങ്ങളിലേക്ക വികാസം കൊള്ളുന്നത്ബഷീറിന്റെ കൃതികളിലൂടെയാണ്. ഒരു സംസ്കാരത്തിന്റെ അടിസ്ഥാന ശിലകൾ ആഴത്തിൽ പാകിക്കൊണ്ടാണ് ബഷീർ രചനയുടെ ആന്തരിക ദീപ്തികളെ ജ്വലിപ്പിച്ചത്. അവസാനിക്കാത്ത കഥകളുടെ ശരീരമാണ് ബഷീർ. അടുത്തുവരുന്നവരോട് കഥകൾ പറഞ്ഞുകൊണ്ട്,താൻ നിർമ്മിക്കുന്ന നാഗരികതയുടെ ശരികളെ ചരിത്രത്തിൽ അടയാളപ്പെടുത്തുകയാണ് ബഷീർ ചെയ്തത്. അന്യവത്കരിക്കപ്പെട്ടവരും ബഹിഷ്കൃതരും ബഷീറിന്റെ ലോകങ്ങളിൽ തിമിർത്താടി . ഭൂമിയുടെ അവകാശ പത്രം ഇങ്ങനെയുള്ളവർക്കെല്ലാം ബഷീർ വീതിച്ചു നൽകി.അങ്ങനെ മറ്റൊരു 'മെക്കോണ്ട'നിർമ്മിച്ചു...........

ബഷീറിന്റെ ഓർമ്മകൾക്ക് ഈ മാഗസിൻ സമർപ്പിക്കുന്നു.

വിമൽ നാഥ് പി വി

# പത്തായം പറയുന്നു

ഉണ്ണീ നീ ഉറങ്ങിയോ? നിനക്കെന്റെ കഥകൾ കേക്കണോ? നീ ഇപ്പോൾ എന്റെ മീതെയെല്ലെ കിടക്കുന്നത്. നല്ല ഉറപ്പു തോന്നുന്നില്ലെ . പണ്ടത്തെ അപ്പു ആശാരി ഉണ്ടാക്കിയതാ എന്നെ. അന്ന് നല്ല കാതലുള്ള പ്ലാവിൻ തടി കൊണ്ടാ ഇവരെന്നെ ഉണ്ടാക്കിയത്. അന്നത്തെ കാലത്ത് എല്ലാ തറവാട്ടിലും എനിക്ക് വലിയ സ്ഥാനമാണുണ്ടായിരുന്നത്. ആഹാരത്തിനുള്ള നെല്ലും കൃഷിക്കുള്ള വിത്തും എന്തിനേറെ പറയുന്നു പൊന്നും പണവും കിഴി കെട്ടി എന്നിൽ സൂക്ഷിക്കുമായിരുന്നു. അന്നത്തെ കാലം നല്ല രസമായിരുന്നു. വിളവെടുപ്പും കൊയ്ത്തും മെതിയുമെല്ലാം കഴിയുമ്പോൾ ചാക്ക് കണക്കിന് നെല്ല് കൊണ്ടെന്റെ വയറുനിറയുമായിരുന്നു.ഒരെലിയോ പാറ്റയോ കയറാത്തത്ര അടച്ചുറപ്പുണ്ടായിരുന്നു എനിക്ക്. എന്നാൽ ഇന്ന് അതെല്ലാം മാറി, എന്റെ സ്ഥിതി കണ്ടില്ലേ? ഒരു പിടി നെല്ലു കണ്ടിട്ട് കാലമേറയായി. നൂറു കണക്കിന് പാറ്റയും എലികളും എന്നെ ദ്രോഹിക്കുന്നു. കഴിഞ്ഞ ദിവസം നിന്റെ അച്ഛൻ പറയുന്നത് കേട്ടു,ഞാനൊരു സ്ഥലം മുടക്കിയാണെന്ന്. താമസിയാതെ എന്നെ പൊളിച്ച് അലമാര പണിയുമെന്ന് തോന്നുന്നു. നീ എന്നെ കൃഷിയുടെ സംസ്കാരമായി ഓർക്കുമല്ലോ

ആയിഷ സേബ

# നവ കേരളം

പ്രളയം വിഴുങ്ങിയ കേരളത്തെ
പുതിയതായ് തീർത്തിടാം കൂട്ടുകാരെ
ഒത്തൊരുമിച്ച് പിടിച്ചു നിന്നു
പ്രളയം വഴിമാറി വഴി തെളിഞ്ഞു
പേമാരി പെയ്താൽ പിടിച്ചു നിൽക്കാൻ
കാറ്റൊന്നടിച്ചാൽ തടുത്തു നിർത്താൻ
തിരകളും അലകളും താങ്ങിടാനും
കഴിവുള്ള കെട്ടിടേണം
വയലുകൾ വേണം വാശിയടക്കാൻ
തണ്ണീർതടങ്ങൾ നിർത്തിടേണം
പുഴയൊഴുകുന്ന പുഴവഴിയിൽ
പുഴ തന്നെയൊഴുകി രസിച്ചിടട്ടെ
മരങ്ങളും വേണം മഴകളും വേണം
പ്രകൃതിക്ക് കാവലായി നമ്മൾവേണം
ഞങ്ങൾക്കു പോകുവാൻ വഴികൾവേണം
വഴിവക്കിൽ നല്ല തണലുവേണം
തണലിനായ് പൂമരം നട്ടിടേണം
പൂക്കൾ വിരിഞ്ഞങ്ങു നിന്നിടേണം
ഒരു ജാതി ഒരു മതം ഒരു ദൈവമെന്ന്
പടിക്കുവാൻ വിദ്യാലയങ്ങൾ വേണം
ഒത്തൊരുമിച്ച് പഠിക്കുവാനും
ആർത്തുല്ലസിച്ച് കളിച്ചിടാനും
പൊതു വിദ്യാലയങ്ങൾ പടുത്തുയർത്താം
നവകേരളത്തിനായി അണിനിരക്കാം
ഒത്തൊരുമിച്ച് പടുത്തുയർത്താം

-40

വൈഗ ജെ ആർ

# THANK YOU